<u>ക്രമപ്രശ്നം</u>

<u>ഉപചോദ്യം ഒഴിവാക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ചോദ്യോത്തരത്തിൽ ചോദ്യങ്ങൾ എഴുതി കൊടുക്കുന്ന സന്ദർഭത്തിൽ ചോദ്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം റൂൾ 36-ലാണ് പറയുന്നത്. ഞാൻ ചോദിക്കുന്ന ചോദ്യത്തിൽ എന്റെ പേരുണ്ട്. ചോദ്യം തയ്യാറാക്കി കൊടുത്തതിൽ രണ്ടാമത്തെ ചോദ്യം (ബി) എന്നത് ഒഴിവാക്കി (സി) ആക്കിയാണ് ആ ചോദ്യം തയ്യാറാക്കിയത്. ജൂലൈ 2-ാം തീയതി സഭയിൽ വന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോഷകാഹാര കുറവുമൂലം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്ന് അന്ന് ഉത്തരം കിട്ടിയിരുന്നു. അതുസംബന്ധിച്ചിട്ടുള്ള ചോദ്യം ഒഴിവാക്കിക്കൊണ്ടാണ് (എ), (ബി), (സി) എന്നുള്ളതിൽ (ബി) ഒഴിവാക്കിയാണ് ചോദ്യം തയ്യാറാക്കിയത്. എന്തിനാണ് ഇങ്ങനെ ചെയ്തത്; അത് സ്പീക്കറുടെ അനുമതിയോടെയാണോ; സാധാരണഗതിയിൽ ഇങ്ങനെ ചെയ്യാൻ സ്പീക്കർക്ക് അധികാരമുണ്ട്. അങ്ങനെ ചോദ്യം ഒഴിവാക്കിയാൽ നിങ്ങളുടെ (ബി) ചോദ്യം സ്വീകാര്യമല്ല എന്ന് ആ ചോദ്യം ഉന്നയിച്ച മെമ്പറെ അറിയിക്കണ്ടേ? ഇക്കാര്യം മെമ്പറെ അറിയിച്ചിട്ടുമില്ല. അങ്ങനെ

വരുന്നത് സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ പ്രശ്നം ഉന്നയിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പ്രത്യേകം ശ്രദ്ധിക്കാം. (....ബഹളം.....) ഇത് സഭയിൽ ചർച്ച ചെയ്യാൻ പാടില്ല. അല്ലാതെതന്നെ ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടതാണ്. അതിന് പരിഹാരമുണ്ടാക്കാം.